# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 272** | **04/06/2018-ൽ മറുപടിയ്ക്ക്**

### മഴക്കാലപൂർവ്വ ശുചീകരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി. കെ. ശശീന്ദ്രൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| **എ)** മഴക്കാലപൂർവ്വ ശുചീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;<br>**ബി)** പകർച്ചവ്യാധികൾ, പ്രത്യേകിച്ച് പനി തടയുന്നതിന് സ്വീകരിച്ച മുൻകരുതലുകൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ? | **എ) യും ബി) യും** പകർച്ചവ്യാധി പ്രതിരോധപ്രവർത്തനത്തിന്റെ ഭാഗമായി 'ആരോഗ്യജാഗ്രത' എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന ഒരു പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ-പരിപാടിയാണ് 2018 ജനുവരി 1 മുതൽ ആരംഭിച്ചിരിക്കുന്നത്. ആർദ്രം മിഷന്റെയും പ്രവർത്തനങ്ങളുമായി സഹകരിച്ച് ജനങ്ങളും സന്നദ്ധ സംഘടനകളും ആരോഗ്യ-പ്രവർത്തകരും ആരോഗ്യജാഗ്രതയോടൊപ്പം 'പ്രതിദിനം പ്രതിരോധം' നടത്തുക വഴി പകർച്ചവ്യാധികൾ ഫലപ്രദമായി പ്രതിരോധിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.<br><br>ആരോഗ്യ വകുപ്പിന്റെയും തദ്ദേശസ്വയം ഭരണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ആരോഗ്യ കർമ്മസേന സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് രോഗപ്രതിരോധ അവസ്ഥാ നിർണയം നടത്തുകയും ജനങ്ങളെ പകർച്ചവ്യാധികൾക്കെതിരെ ബോധവത്കരിക്കുകയും ചെയ്തു വരുന്നു. വ്യക്തി ശുചിത്വം, പരിസരശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ള സുരക്ഷിതത്വം, കൊതുകുറവിട നശീകരണം തുടങ്ങി ജനപങ്കാളിത്തം ആവശ്യമായ വിവിധങ്ങളായ രോഗ പ്രതിരോധ ബോധവത്കരണം ജനങ്ങൾക്ക് നൽകിവരുന്നു.<br><br>പഞ്ചായത്തുകളിൽ ഗ്രാമസഭകൾ നടത്തുകയും വാർഡ് തല ആരോഗ്യ ശുചിത്വ കർമ്മസേനാംഗങ്ങൾ വീടുകളും സ്ഥാപനങ്ങളും പൊതുസ്ഥലങ്ങളും സന്ദർശിച്ച് ആരോഗ്യവകുപ്പ്, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പി.ആർ.ഡി, ശുചിത്വ മിഷൻ, ഹരിത കേരളം മിഷൻ, കുടുംബശ്രീ എന്നിവയുടെ ഉത്തരവാദിത്വത്തിൽ ആരോഗ്യജാഗ്രതാ |

ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവയിൽ സമ്പൂർണ്ണ ശുചീകരണം നടത്തിവരുന്നു.

കൂടാതെ പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തെ തന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗ-നിരീക്ഷണവും കൊതുകുനിരീക്ഷണവും ശക്തിപ്പെടുത്തിയിട്ടുണ്ട്. പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും അതാത് സമയങ്ങളിൽ ജില്ലാ സംസ്ഥാനതല നടപടികൾ സ്വീകരിച്ചു വരുന്നു. കൊതുകുസാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ഐഎസ്എസ്), വീടിനു പുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിങ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് ചെയ്തു വരുന്നുണ്ട്. ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ കൈപുസ്തകങ്ങൾ, പൊതു-ജനങ്ങൾക്കാവശ്യമായ ലഘു-ലേഖകൾ തുടങ്ങിയവ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. മരുന്നുകളും ടെസ്റ്റ് കിറ്റുകളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**